LIBRARY ARCHIVES Kerala Legislative Assembly

ത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യവും ഉൾപ്പെട്ടത്തിയിരുന്നു. ഇതു സംബന്ധിച്ച്, റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും വില സ്ഥിരത ഏർപ്പെടുത്തുന്നകാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഇ) റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതിചുങ്കം വർദ്ധിപ്പിക്കുക, റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തി കൊണ്ട് ഇപ്പോൾ 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) റബ്ബറിന് ഇപ്പോൾ പ്രഖ്യാപിച്ച കിലോയ്ക്ക് 150 രൂപ പ്രകാരമുള്ള സംഭരണം ആരംഭിച്ചിട്ടില്ല.

അമിതമായി കീടനാശിനി കലർന്ന പച്ചക്കറികൾ

178 (1548) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാരകമായ അളവിൽ കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികൾ സംസ്ഥാനത്ത് എത്തിച്ചേരുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രധാനമായും ഏതെല്ലാം ഇനം പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗമുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ പ്രതിദിനം എത്ര ടൺ പച്ചക്കറി അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേരുന്നുണ്ട് ; ഇവയിൽ കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി നടപ്പിലാക്കുന്ന "സേഫ് ടു ഈറ്റ്" പദ്ധതിപ്രകാരം കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ നടത്തിയ പരിശോധനകളുടെ പ്രസിദ്ധീകരിച്ച് ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് പുതിനയില, കറിവേപ്പില, പച്ചമുളക്, പയർ എന്നീ 4 ഇനങ്ങളിൽപ്പെട്ട ഏഴ് സാമ്പിളുകളിൽ അപകടകരമായ അളവിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ പ്രതിദിനം മൂവ്വായിരത്തോളം ടൺ പച്ചക്കറി അന്യ സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേരുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 20 ടണ്ണോളം പച്ചക്കറികൾ (സംസ്ഥാനത്ത് ലഭ്യമല്ലാത്തവ) ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം ചെയ്യുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് എത്തിച്ചേരുന്ന കീടനാശിനികളുടെ അളവ് പരിശോധിച്ചറിയുന്നത് നിലവിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട പരിശോധന" ലാബിലാണ്. മണ്ണുസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷാംശമുള്ള കീടനാശിനി അടങ്ങിയ പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങളുടെ പരിശോധനയും മറ്റും ഭക്ഷ്യ സുരക്ഷാ വകുപ്പുവഴി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ ഉപരിതലത്തിൽ നിന്ന് അവയുടെ അവശിഷ്ടം ഗാർഹികതലത്തിൽ, ഉപയോഗത്തിനു മുമ്പേ നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് കീടനാശിനി അവശിഷ്ട പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം വിശദമാക്കിയിട്ടുണ്ട്. ഗാർഹികതലത്തിൽ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടേയും ഉപരിതലത്തിലുള്ള വിഷാംശത്തിന്റെ 80% വരെ നീക്കുവാൻ സഹായിക്കുന്ന "വെജിവാഷ്" എന്ന ലായനിയുടെ ഫോർമുല കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തത് കേരളത്തിലെ 30 സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. ഈ ഉല്പന്നം വിവിധ ബ്രാൻഡ് പേരുകളിൽ വിപണിയിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly